കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2008-09 സാമ്പത്തിക വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.17 - എസ്.ജി.ആർ.വൈ ഭക്ഷ്യവിതരണത്തിലെ അപാകതകൾ - സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്

സ.ഉ (സാധാ)നം 1752/12/തസ്വഭവ. തിരുവനന്തപുരം, തീയതി:26.6.12.

---

പരാമർശം:
1. കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 10.12.2008-ലെ III (3) -ാം നമ്പർ തീരുമാനം.
2. കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 19.10.2011-ലെ ജനറൽ കമ്മിറ്റിയുടെ 26-ാം നമ്പർ തീരുമാനം.
3. കോട്ടയം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 9.11.2011-ലെ കത്ത്.
4. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 12.4.12-ലെ എൽ.എഫ്.1261/പി.റ്റി.1/12-ാം നമ്പർ കത്ത്.

ഉത്തരവ്

കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2008-2009 സാമ്പത്തിക വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 3.17-ൽ എസ്.ജി.ആർ.വൈ (സ്വർണ്ണ ജയന്തി റോസ്ഗാർ യോജന) പദ്ധതി നടപ്പാക്കൽ സംബന്ധിച്ച് ചില അപാകതകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് ചൂണ്ടിക്കാണിക്കുകയുണ്ടായി. എസ്.ജി.ആർ.വൈ 31.3.2008-ൽ നിർത്തലാക്കപ്പെട്ടപ്പോൾ ജില്ലാ പഞ്ചായത്ത് നേരിട്ട് നടപ്പിലാക്കുന്ന പദ്ധതികൾക്കായി അനുവദിച്ചിരുന്ന ഭക്ഷ്യധാന്യത്തിൽ 153301 കി.ഗ്രാം ഭക്ഷ്യധാന്യം വിവിധ എ.ഡബ്ല്യു.ഡി ഗോഡൗണുകളിലായി അവശേഷിച്ചിരുന്നു.

കർമ്മ പദ്ധതി ശരിയായ രീതിയിൽ തയ്യാറാക്കാതിരുന്നതിനാലും പദ്ധതി യഥാസമയം പൂർത്തിയാക്കാതിരുന്നതിനാലുമാണ് ഇപ്രകാരം ഭക്ഷ്യധാന്യം മിച്ചമുണ്ടാകാൻ ഇടയായതെന്നും ടി മിച്ച ഭക്ഷ്യധാന്യം കേടായി പോകുന്നത് ഒഴിവാക്കുന്നതിലേയ്ക്കായി വിവിധ വേലകൾക്കുള്ള വേതനഘടകത്തെ അധികരിച്ച് ഭക്ഷ്യധാന്യം നൽകുന്നതിന് 10.12.2008-ലെ 3 (3)-ാം നമ്പരായി ജില്ലാ പഞ്ചായത്ത് കമ്മിറ്റി തീരുമാനം കൈക്കൊള്ളുകയുണ്ടായെന്നും ഇങ്ങനെ നൽകുമ്പോൾ അതതു പ്രവൃത്തികളുടെ ബില്ലിൽ കമ്പോള വിലയനുസരിച്ച് വേണമായിരുന്നു അനുവദിക്കേണ്ടിയിരുന്നതെന്നും എന്നാൽ മനുഷ്യദിനത്തിനുള്ള ഭക്ഷ്യധാന്യത്തിന് മാത്രമേ സബ്സിഡി നൽകാനാവൂയെന്നും ആകയാൽ എസ്.ജി.ആർ.വൈ പദ്ധതി നിർവ്വഹണം മാർഗ്ഗനിർദ്ദേശത്തെ മറികടന്ന് ഭക്ഷ്യധാന്യം വിതരണം ചെയ്ത സാഹചര്യത്തിൽ ആവശ്യമായ സാധൂകരണം തേടുകയോ കമ്പോള വിലയും സബ്സിഡി നിരക്കും തമ്മിലുള്ള വ്യത്യാസം കണക്കാക്കി അധികരിച്ച് നൽകിയ തുക ഈടാക്കുകയോ ചെയ്യേണ്ടതാണ് എന്നാണ് ഓഡിറ്റ് പരാമർശം.

പരാമർശം രണ്ടിലെ ജില്ലാ പഞ്ചായത്ത് ജനറൽ കമ്മിറ്റിയുടെ 26-ാം നമ്പർ തീരുമാനപ്രകാരം മേൽ പരാമർശിച്ച ഓഡിറ്റ് ഖണ്ഡികയ്ക്ക് സാധൂകരണം നൽകണമെന്ന് പരാമർശം മൂന്നിലെ കത്തിലൂടെ കോട്ടയം ജില്ലാ പഞ്ചായത്ത് സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിച്ചു. ജില്ലാ പഞ്ചായത്തിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ സാധൂകരണം നൽകാവുന്നതാണെന്ന് പരാമർശം 4 പ്രകാരം ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മിച്ചം വന്ന ഭക്ഷ്യധാന്യം തിരികെ ഏറ്റെടുക്കുന്നതിന് ഗ്രാമവികസന വകുപ്പോ, ദാരിദ്ര്യ ലഘൂകരണ വിഭാഗമോ തയ്യാറാകാത്തതു മൂലം

ഗോഡൗണുകളിൽ സൂക്ഷിച്ചിട്ടുള്ള ഭക്ഷ്യധാന്യം കാലാവസ്ഥയിലുള്ള വ്യതിയാനവും കാലപ്പഴക്കവും മൂലം കേടായിപ്പോകുമായിരുന്നു എന്ന ജില്ലാ പഞ്ചായത്തിന്റെ വിശദീകരണത്തിന്റെയും 12.10.2011-ലെ ജില്ലാ പഞ്ചായത്ത് ജനറൽ കമ്മിറ്റിയുടെ 26-ാം നമ്പർ തീരുമാനത്തിന്റെയും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ ശുപാർശയുടെയും അടിസ്ഥാനത്തിൽ, കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.17-ൽ എസ്.ജി.ആർ.വൈ പദ്ധതി മാർഗ്ഗ നിർദ്ദേശം മറികടന്ന് ഭക്ഷ്യധാന്യം വിതരണം ചെയ്ത പഞ്ചായത്തിന്റെ നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

പി.ജയശ്രീ,
ഡെപ്യൂട്ടി സെക്രട്ടറി.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ, (LBA&A), കേരളം, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, കോട്ടയം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.